**പതിനാലാം കേരള നിയമസഭ**

അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.3041 10.05.2017-ൽ മറുപടിയ്ക്ക്

**വ്യാജ ഫിസിയോ തെറാപ്പി കോഴ്സുകൾ**

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.ഇ.കെ.വിജയൻ** | **ശ്രീമതി. കെ.കെ.ശൈലജടീച്ചർ (ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പമന്ത്രി)** |

| | | | |
|---|---|---|---|
| (എ) | കേരളത്തിൽ വ്യാപകമായി യാതൊരു യോഗ്യതയും ഇല്ലാതെ വ്യാജ ഫിസിയോ തെറാപ്പി കോഴ്സുകൾ നടത്തുന്നതായി ശ്രദ്ധയിൽ വന്നിട്ടുണ്ടോ ; | (എ), (ബി) & (സി) | വ്യാജ ഫിസിയോ തെറാപ്പി കോഴ്സ് നടത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. കേരളത്തിലെ സ്വാശ്രയ കോളേജുകളിൽ ബാച്ച്ലർ ഓഫ് ഫിസിയോ തെറാപ്പി കോഴ്സിലേയ്ക്ക് അഡ്മിഷനും പരീക്ഷയും നടത്തുന്നത് മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടറും കേരള ആരോഗ്യ ശാസ്ത്ര സർവ്വകലാശാലയും മുഖാന്തിരമാണ്. കേരള സർക്കാരിന്റെ നിരാക്ഷേപ പത്രത്തിന് വിധേയമായിട്ടാണ് കേരള ആരോഗ്യ ശാസ്ത്ര സർവ്വകലാശാല ഫിസിയോ തെറാപ്പി കോഴ്സുകൾ തുടങ്ങുന്നതിന് അനുമതി നൽകുന്നത്. സർവ്വകലാശാലയുടെ കീഴിലുള്ള കോളേജുകളിൽ നിന്നും പാസ്സാകുന്ന വിദ്യാർത്ഥികൾക്കു മാത്രമാണ് ബിരുദ സർട്ടിഫിക്കറ്റ് അനുവദിക്കുന്നത്. കേരളത്തിനു വെളിയിൽ മറ്റു അംഗീകൃത സർവ്വകലാശാലയിൽ നിന്നും ഫിസിയോ തെറാപ്പി കോഴ്സുകൾ പഠിച്ചിറങ്ങുന്ന വിദ്യാർത്ഥികളുടെ ബിരുദം സർവ്വകലാശാല നടത്തുന്ന കോഴ്സുമായി തുല്യതയുണ്ടെങ്കിൽ മാത്രമാണ് ടി വിദ്യാർത്ഥികൾക്ക് സർവ്വകലാശാല തുല്യതാ സാക്ഷ്യപത്രം അനുവദിക്കാറുള്ളത്. |
| (ബി) | ഇത്തരം കോഴ്സുകൾ നടത്തുന്ന സ്ഥാപനങ്ങൾ നിയന്ത്രിക്കുവാൻ നിയമ നിർമ്മാണം നടത്താൻ നടപടി സ്വീകരിക്കുമോ ; | | |
| (സി) | ഇത്തരം വ്യാജ സർട്ടിഫിക്കറ്റ് കരസ്ഥമാക്കിയുള്ള പ്രാക്ടീസ് മൂലം എത്ര അപകടങ്ങൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്; | | |
| (ഡി) | കേരള സംസ്ഥാനത്ത് നടപ്പിലാക്കാൻ പോകുന്ന ക്ലിനിക്കൽ എസ്റ്റാബ്ലിഷ് മെന്റ് ബില്ലിൽ ഫിസിയോ തെറാപ്പി പ്രാക്ടീസും, ~~ക്ലിനിക്കുകൾ നടത്തുന്നതിന്~~ അംഗീകൃത യൂണിവേഴ്സിറ്റി ബിരുധവും അനിവാര്യമാണ് എന്നത് ഉൾക്കൊള്ളിച്ചുകൊണ്ടുള്ള നിയമ നിർമ്മാണം സർക്കാരിന്റെ പരിഗണനയിലുണ്ടോ; വിശദമാക്കുമോ? | (ഡി) | ഇപ്പോൾ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ